# ശിവസേനയുടെ ഭീഷണി

**1993** മാർച്ച് 12-ന് മുംബൈയിലും 1998 ഫെബ്രുവരി 14-17 തീയതികളിലായി കോയമ്പത്തൂരിലും നടന്ന സ്ഫോടന പരമ്പരകൾ സംബന്ധിച്ച കേസുകൾ ഏതാണ്ട് അവസാനിച്ചിരിക്കുന്നു. രണ്ടു കേസുകളിലും പിടികൂടപ്പെട്ട പ്രതികളിൽ അപരാധികളെയും നിരപരാധികളെയും വേർതിരിച്ചുകഴിഞ്ഞു. കുറ്റവാളികൾക്കുള്ള ശിക്ഷാവിധി മാത്രമേ ഇനി പൂർത്തിയാക്കാനുള്ളൂ. രണ്ടു കേസുകളും കൈകാര്യം ചെയ്തത് അവക്കുവേണ്ടി മാത്രമായി രൂപീകരിക്കപ്പെട്ട സ്പെഷ്യൽ കോടതികളാണ്. സ്പെഷ്യൽ കോടതികളുടെ രൂപീകരണം ആവശ്യപ്പെടുന്നത്ര ഗുരുതരം തന്നെയായിരുന്നു കേസുകൾ. സ്പെഷ്യൽ കോടതികൾ കൈകാര്യം ചെയ്തിട്ടും മുംബൈ കേസ് പതിമൂന്നു കൊല്ലവും കോവൈ കേസ് ഒമ്പതര കൊല്ലവും നീണ്ടുപോയി. ചില കേസുകൾ സുപ്രീംകോടതിയിൽ ഇനിയും തുടരുമെന്നാണ് അപ്പീലുകൾ സൂചിപ്പിക്കുന്നത്.

സർക്കാർ കണക്ക് പ്രകാരം 257 മനുഷ്യർ ദാരുണമായി കൊല്ലപ്പെട്ട സംഭവമാണ് മുംബൈ സ്ഫോടനപരമ്പര. അതിലേറെ പേർക്ക് പരിക്കേറ്റിട്ടുണ്ട്. കോടിക്കണക്കിൽ രൂപയുടെ സ്വത്ത് നാശവുമുണ്ടായി. ഇന്ത്യയുടെ സാമ്പത്തിക തലസ്ഥാനമായ മുംബൈയിലെ വ്യവസായ-വ്യാപാര മേഖലക്കേറ്റ കനത്ത തിരിച്ചടി വേറെയും. കോയമ്പത്തൂർ സ്ഫോടനത്തിൽ 58 പേരാണ് കൊല്ലപ്പെട്ടത്. 250 പേർക്ക് പരിക്കേറ്റു. കോടിക്കണക്കിൽ രൂപയുടെ സമ്പത്ത് നശിപ്പിക്കപ്പെട്ടു. ഈ ദുരന്തങ്ങൾക്കുത്തരവാദികളായവരെ നിയമത്തിന്റെ മുന്നിൽ കൊണ്ടുവരാനും ശിക്ഷാ നടപടികൾക്ക് വിധേയരാക്കാനും കഴിഞ്ഞതിൽ രാജ്യം പൊതുവിൽ ആശ്വാസം കൊള്ളുകയാണ്. മുംബൈ കേസിൽ, സിനിമാ നടൻ സഞ്ജയ് ദത്ത് ശിക്ഷിക്കപ്പെട്ടതാണ് ചില വൃത്തങ്ങളെ അലോസരപ്പെടുത്തിയിട്ടുള്ളത്. മറുവശത്ത് നീതിപീഠത്തിന്റെ നിഷ്പക്ഷവും വിവേചനരഹിതവുമായ സമീപനത്തിന്റെ ദൃഷ്ടാന്തമായി അത് വാഴ്ത്തപ്പെടുന്നുമുണ്ട്.

മുംബൈ-കോവൈ സ്ഫോടനങ്ങൾക്കുത്തരവാദികളായ കുറ്റവാളികൾ ശിക്ഷിക്കപ്പെട്ടതിൽ മുസ്‌ലിം സമുദായത്തിനും സന്തോഷമുണ്ട്. എന്നാൽ ഈ സന്തോഷത്തെ വലിയൊരു നൈരാശ്യം കലുഷമാക്കുന്നുവെന്നതും ഒരു വസ്തുതയാണ്. രണ്ടു ദുരന്തങ്ങൾക്കും വഴിയൊരുക്കിയ മറ്റു രണ്ടു ദുരന്തങ്ങളെ ബന്ധപ്പെട്ടവർ തീർത്തും അവഗണിച്ചുകളഞ്ഞുവെന്നതാണ് നൈരാശ്യം. 1992 ഡിസംബർ, '93 ജനുവരി മാസങ്ങളിൽ മുംബൈ നഗരത്തിൽ നടമാടിയ മുസ്‌ലിംവിരുദ്ധ സംഹാരതാണ്ഡവമാണ് മുംബൈ സ്ഫോടന പരമ്പരക്ക് കളമൊരുക്കിയതെന്ന കാര്യം അവിതർക്കിതമാണ്. ശ്രീകൃഷ്ണ കമീഷൻ റിപ്പോർട്ടിലും അത് വ്യക്തമാക്കിയിട്ടുണ്ട്. ഔദ്യോഗിക കണക്കനുസരിച്ച് 1900 പേരാണിതിൽ അറുകൊല ചെയ്യപ്പെട്ടത്. എത്രയോ ആയിരങ്ങൾക്ക് പരിക്കേറ്റു. നിരവധി വീടുകളും കടകളും അഗ്നിക്കിരയായി. സ്ഫോടനത്തിനുത്തരവാദികളായവർ ശിക്ഷിക്കപ്പെട്ടുവെങ്കിലും സ്ഫോടനത്തിനു കാരണമായ കൂട്ടക്കൊലയുടെ കുറ്റവാളികൾക്കെതിരെ ഒരു നടപടിയും ഇതുവരെ ഉണ്ടായിട്ടില്ല. 1997 നവംബറിൽ കോയമ്പത്തൂർ നഗരത്തിൽ ആർ.എസ്.എസ്സും പോലീസും ചേർന്ന് നടത്തിയ മുസ്‌ലിംവിരുദ്ധ കലാപമാണ് '98-ലെ കോവൈ സ്ഫോടനത്തിനു കാരണമായത്. 19 പേർ മൃഗീയമായി വധിക്കപ്പെട്ട ഈ കേസും എങ്ങുമെത്താതെ കിടക്കുകയാണ്. രണ്ടു സംഭവങ്ങളിലും ജീവഹാനിക്കും ധനനഷ്ടത്തിനുമിരയായത് മുസ്‌ലിംകളാണ്. അതുകൊണ്ടുതന്നെയാണാ കേസുകൾ അവഗണിക്കപ്പെട്ടതും. സ്വന്തം ജീവന്നും ധനത്തിനും നേരെ അനുവർത്തിക്കപ്പെടുന്ന നഗ്നവും ക്രൂരവുമായ ഈ അവഗണന ഏതു സമുദായത്തിലാണ് അരക്ഷിതത്വബോധവും അസ്വാസ്ഥ്യവുമുളവാക്കാതിരിക്കുക? ഈ സ്ഥിതിവിശേഷം സമുദായത്തിലെ അപക്വമതികളിൽ, തങ്ങളെ അക്രമിക്കുന്നവരെ ശിക്ഷിക്കാൻ തങ്ങൾതന്നെ ഒരുമ്പെട്ടിറങ്ങണമെന്ന ആപത്കരമായ ചിന്താഗതി വളർത്തുമെന്ന ആശങ്ക ഒട്ടും അസ്ഥാനത്തല്ല.

മുംബൈ കൂട്ടക്കുരുതിയെക്കുറിച്ചന്വേഷിക്കാൻ മഹാരാഷ്ട്ര ഗവൺമെന്റ് ശ്രീകൃഷ്ണ കമീഷനെ നിയമിച്ചിരുന്നു. അഞ്ചു വർഷം നീണ്ടുനിന്ന തീവ്രശ്രമത്തിലൂടെ സംഭവവുമായി ബന്ധപ്പെട്ട പല സുപ്രധാന വസ്തുതകളും ജസ്റ്റിസ് ശ്രീകൃഷ്ണ കണ്ടെത്തുകയുണ്ടായി. 509 സാക്ഷികൾ വിസ്തരിക്കപ്പെട്ടു. 2903 രേഖകൾ പരിശോധിക്കപ്പെട്ടു. കമീഷൻ സമർപ്പിച്ച എഴുനൂറ് പേജുള്ള റിപ്പോർട്ടിൽ ശിവസേനാ നേതാക്കൾക്കും മഹാരാഷ്ട്ര പോലീസിനും കലാപത്തിലുള്ള പങ്ക്, അവരിൽ പലരുടെയും പേരെടുത്തു പറഞ്ഞുകൊണ്ടുതന്നെ വ്യക്തമാക്കിയിട്ടുണ്ട്. ശിവസേനയും ബി.ജെ.പിയും ശ്രീകൃഷ്ണ കമീഷൻ റിപ്പോർട്ട് തള്ളിക്കളഞ്ഞത് സ്വാഭാവികം.

ശ്രീകൃഷ്ണ കമീഷൻ റിപ്പോർട്ടനുസരിച്ച് മുംബൈ കലാപക്കേസിൽ ഉടൻ നടപടിയാരംഭിക്കുമെന്ന് വാഗ്ദാനം ചെയ്തുകൊണ്ടാണ് പിന്നീട് കോൺഗ്രസ് ഗവൺമെന്റ് അധികാരത്തിലേറിയത്. അവരും പക്ഷേ റിപ്പോർട്ട് കോൾഡ് സ്റ്റോറേജിൽ സൂക്ഷിച്ചിരിക്കുകയാണ് നാളിതുവരെ. നടപടികളിലേക്ക് നീങ്ങുന്നത് ഹിന്ദുത്വ ശക്തികളുടെ സ്വാധീനം വർധിപ്പിക്കുമെന്ന് ഭയപ്പെടുകയാണത്രെ അവർ. സച്ചാർ കമീഷൻ റിപ്പോർട്ട് പുറത്തുവന്നതിനെത്തുടർന്ന് യു.പി.എ ഗവൺമെന്റ് മുസ്‌ലിംപ്രശ്നങ്ങളിൽ കൂടുതൽ ശ്രദ്ധിക്കുന്നുവെന്ന് വരുത്താൻ ചില ശ്രമങ്ങൾ നടത്തുന്നുണ്ട്. അതിന്റെ ഭാഗമായി, ശ്രീകൃഷ്ണ കമീഷൻ റിപ്പോർട്ടിന്മേൽ നടപടി സ്വീകരിക്കാൻ കേന്ദ്രം മഹാരാഷ്ട്രയിലെ കോൺഗ്രസ്-എൻ.സി.പി സഖ്യ ഗവൺമെന്റിനോട് നിർദേശിച്ചിരിക്കുകയാണ്. ഈ നിർദേശം മാനിച്ച്, മുംബൈ കലാപകേസുകൾ വിചാരണ ചെയ്യാൻ പ്രത്യേക സംവിധാനമേർപ്പെടുത്തുമെന്ന് സംസ്ഥാന സർക്കാർ പ്രഖ്യാപിച്ചിരിക്കുന്നു. പ്രഖ്യാപനം പുറത്തുവരേണ്ട താമസം, ശിവസേന നേതൃത്വം ആപത്കരമായ ഒരു ഭീഷണി മുഴക്കിയിരിക്കുകയാണ്. ശിവസേന നേതാക്കൾക്കെതിരെ കേസെടുക്കുകയോ അവരെ വിചാരണ ചെയ്ത് ശിക്ഷിക്കുകയോ ചെയ്താൽ മഹാരാഷ്ട്രയിലുടനീളം വിനാശകരമായ പ്രത്യാഘാതമുണ്ടാകുമെന്നാണ് ഭീഷണി. ശിവസേനയെ അറിയുന്നവർക്ക് ഈ ഭീഷണിയുടെ അർഥം വ്യക്തമാണ്. സേന അതിന്റെ പ്രസിദ്ധീകരണങ്ങളിലൂടെയും പ്രഭാഷണങ്ങളിലൂടെയും സ്തോഭജനകമായ വാർത്തകൾ പ്രചരിപ്പിച്ച് 'സൈനിക'രിൽ അക്രമാസക്തമായ ഹിന്ദുത്വവികാരവും മുസ്‌ലിംവിരോധവും ആളിക്കത്തിക്കും. മുസ്‌ലിം തെരുവുകളിൽ ചോരപ്പുഴയൊഴുകും. വീടുകൾ കത്തിയെരിയും, വസ്തുവഹകൾ കൊള്ളയടിക്കപ്പെടും.

നിയമവാഴ്ചയോടും നീതിന്യായ വ്യവസ്ഥയോടുമുള്ള ധിക്കാരപരമായ വെല്ലുവിളിയാണിത്. നട്ടെല്ലുള്ള സർക്കാറിന് ചെയ്യാനുള്ളത് അതിനെ കർശനമായി നേരിടുകയാണ്. ഇത്തരം ഭീഷണികൾക്കു മുമ്പിൽ വിരണ്ടുനിൽക്കുന്ന സർക്കാർ ജനങ്ങളെ സംരക്ഷിക്കുന്ന, ജനങ്ങളുടെ സർക്കാറാവില്ല; ഗുണ്ടകളുടെ വിനീത ദാസന്മാരായിരിക്കും. മഹാരാഷ്ട്ര ഗവൺമെന്റിനു മുമ്പിൽ രണ്ടു വഴിയേയുള്ളൂ: ഒന്നുകിൽ നിയമവാഴ്ചക്കെതിരെ ശിവസേന ഉയർത്തുന്ന വെല്ലുവിളിയെ കരളുറപ്പോടെ ചെറുത്തുതോൽപിക്കാൻ തയാറാവുക. അല്ലെങ്കിൽ അധികാരം അതിനു കരുത്തുള്ള കരങ്ങളിലേൽപിച്ച് ഇറങ്ങിപ്പോവുക. മറ്റു ഏതുവഴിയും നിയമവാഴ്ചയുടെയും നീതിന്യായ സംവിധാനത്തിന്റെയും നാശത്തിലേക്കുള്ളതായിരിക്കും. ■